# കുരികിലിനേക്കാളും വിശേഷതയുള്ളവർ

## മത്തായി 10:29–31

"കാശിന്നു രണ്ടു കുരികിൽ വിൽക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവു സമ്മതിക്കാതെ നിലത്തു വീഴുകയില്ല. എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ടാ; ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ."

നമ്മെ കർത്താവ് എത്രമാത്രം കരുതുന്നു എന്ന് ഈ വാക്യം പറയുന്നു. കർത്താവിന്റെ ഐഹിക ജീവിതകാലത്ത് തത്വജ്ഞാനികൾ ദൈവം ഭൂമിയെ മൊത്തത്തിൽ സംരക്ഷിക്കുന്നു എന്നല്ലാതെ ഓരോ ചെറിയ കാര്യവും ശ്രദ്ധിക്കുന്നില്ല എന്നാണ് പഠിപ്പിച്ചിരുന്നത്. അതിനാലാണ് ഓരോ ചെറിയ കാര്യവും താൻ ശ്രദ്ധിക്കുന്നുണ്ടെന്ന് കർത്താവ് എടുത്തു പറയുന്നത്. നിങ്ങളുടെ തലമുടിപോലും എണ്ണപ്പെട്ടിരിക്കുന്നു എന്ന് യേശു പറഞ്ഞു. തലയിൽ ഒരുലക്ഷത്തിലധികം മുടിയുണ്ടെന്നും 300 എണ്ണം വരെ ഒരു ദിവസം കൊഴിഞ്ഞു പോകുകയും പുതിയത് മുളച്ചുവരികയും ചെയ്യുന്നു എന്ന് ശരീരശാസ്ത്രം പറയുന്നു. നമ്മുടെ മുടിവരെ ദൈവം വിലയുള്ളതായി കാണുന്നെങ്കിൽ തലയ്ക്കു കല്പിക്കുന്ന വില എത്രയധികം ആയിരിക്കും. ദൈവമക്കളുടെ ജീവിതം മാത്രമല്ല "തന്റെ ഭക്തന്മാരുടെ മരണവും ദൈവത്തിന് വിലയേറിയതാണ്"(സങ്കീ 116:115).

നിസ്സാരം എന്ന് നാം കരുതുന്ന കാര്യങ്ങൾ പോലും കർത്താവ് അറിയുന്നു എന്നതാണ് സത്യം. നാം അവന് വിലയേറിയതാണ്. തന്റെ രക്തം കൊടുത്ത് സമ്പാദിച്ച നമ്മെ അങ്ങനയേ അവന് കാണാനാകൂ, അത് ഒരിക്കലും ലോകം കാണുന്നതുപോലെയല്ല. അനുദിന ജീവിതത്തിൽ കടന്നുവരുന്ന സകല കാര്യങ്ങളും അറിയുന്ന, നിയന്ത്രിക്കുന്ന ഒരു കർത്താവാണ് നമുക്കുള്ളത്. അതിനാൽ ജീവിതത്തേക്കുറിച്ചുള്ള അനാവശ്യ ആകുലതകൾ, നിരാശ, സങ്കടം എന്നിവ ഒരു യഥാർത്ഥ ദൈവപൈതലിന് ആവശ്യമില്ല. നാളെയെക്കുറിച്ച് നാം ആകുലപ്പെടേണ്ട.

ഒരു കഥ കേട്ടിട്ടുണ്ട്; രണ്ടു പക്ഷികൾ മരക്കൊമ്പിലിരുന്ന് സംസാരിക്കുന്നു. അതിൽ ഒരു പക്ഷി മറ്റേതിനോടു ചോദിച്ചു "എന്താണീ മനുഷ്യമക്കൾ ചിന്താകുലപ്പെട്ട് ആവലാതി പിടിച്ച് നടക്കുന്നത്? അപ്പോൾ മറ്റേ പക്ഷി ഉത്തരം പറഞ്ഞു. "എനിക്ക് തോന്നുന്നത് നമ്മെ കരുതുന്നതുപോലെ ഒരു സ്വർഗ്ഗീയ പിതാവ് അവർക്കില്ല എന്നാണ്". ആകാശത്തിലെ പറവകളും വയലിലെ പൂവും തങ്ങളേക്കുറിച്ച് വിചാരിക്കുന്നില്ല. എന്നാൽ ദൈവമക്കളായ നാം ദിനംപ്രതി ഓരോന്നിനെക്കുറിച്ച് വിചാരപ്പെടുന്നവരും ഭാരപ്പെടുന്നവരും ആയിത്തീരുന്നത് എന്തുകൊണ്ടാണ്. ഒരു നാളും നമ്മെ കൈവിടില്ല എന്നു പറഞ്ഞവന്റെ വാക്കും

ഒരിക്കലും മാറില്ല. നമ്മുടെ മനോഭാവത്തിലും ദൈവപിതാവിലുള്ള അചഞ്ചലമായ വിശ്വാസത്തിലും മാറ്റമുണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കാം. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടവന്റെ സാന്നിധ്യം നമ്മുടെ കൂടെയുണ്ട്. ഈ ഉറപ്പ് ഹൃദയത്തിൽ നിന്ന് എടുത്ത് കളയിക്കുവാൻ ശത്രുവിന് അവസരം കൊടുക്കുന്നത് പാപമാണ്. അവയെ അകറ്റി വിശ്വാസത്തിൽ വർദ്ധിച്ച്, കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതരായി നമുക്ക് ജീവിതത്തെ നയിക്കാം. നമ്മെ ചേർപ്പാനായി അവൻ വരുന്ന സമയം അടുത്തിരിക്കുയാൽ ഉണർന്ന് പ്രവർത്തിക്കാം.

പരാമർശം:

1 രാജാക്കന്മാർ 17:8,9

അപ്പോൾ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: നീ എഴുന്നേറ്റു സീദോനോടു ചേർന്ന സാരെഫാത്തിലേക്കു ചെന്നു അവിടെ പാർക്ക; നിന്നെ പുലർത്തേണ്ടതിന്നു അവിടെ ഉള്ള ഒരു വിധവയോടു ഞാൻ കല്പിച്ചിരിക്കുന്നു.

**ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 009**